I ഇ.ബി. XV - കേരള നിയമസഭ/I-8

# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 ജൂൺ 4, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിന്റെയും വോട്ട് ഓൺ അക്കൗണ്ടിന്റെയും അവതരണം

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റും 2021 ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിച്ചു.

രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 10.02-ന് പൂർത്തിയാക്കി.

2021-22 മുതൽ 2023-24 വരെയുള്ള മീഡിയം ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റും മീഡിയം ടേം ഫിസ്കൽ പ്ലാൻ അടക്കമുള്ള സ്ട്രാറ്റജി സ്റ്റേറ്റുമെന്റും ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

<u>മി. സ്പീക്കർ:</u> ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് പ്രസംഗത്തിന്റെ പകർപ്പ് നിയമസഭ ഔദ്യോഗിക വെബ്സൈറ്റിൽ ഇപ്പോൾ മുതൽ ലഭ്യമാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ് അംഗങ്ങൾക്ക് അവരവരുടെ വാസസ്ഥലങ്ങളിൽ എത്തിക്കുന്നതും മാധ്യമപ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്യുമെന്റ്സ് 407-ാം നമ്പർ മുറിയിൽനിന്നും ലഭിക്കുന്നതുമാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

സഭ രാവിലെ 10.03-ന് പിരിഞ്ഞു.

******